പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7452

14/07/2014- ൽ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെ വനിതകൾക്ക് ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. വർക്കല കഹാർ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതിയിൽപ്പെടുത്തി മൃഗകർഷകരായ വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 2010-11, 2011-12 എന്നീ വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് വനിതകളായ കർഷകർക്ക് "വനിതാ സ്വയം സഹായ സംഘങ്ങൾക്ക് കാലി വളർത്തലിലുള്ള ധനസഹായം നൽകുന്ന പദ്ധതി" (Cluster farming for women self help groups) നടപ്പിലാക്കി. പദ്ധതിയ്ക്കായി 2010-11 സാമ്പത്തിക വർഷത്തിൽ 3.5 കോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപയും ആണ് അനുവദിച്ചത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) 1. വനിതാ സ്വയം സഹായ സംഘങ്ങളിലെ ഓരോ ഗുണഭോക്താവിനും 1 കറവ പശു, 2 ആടുകൾ എന്നിവയെ വിതരണം ചെയ്യുക.<br>2. സംസ്ഥാനത്തെ പാൽ, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുക.<br>3. വനിതകൾക്കിടയിൽ സംഘം ചേർന്നുള്ള കാലി വളർത്തൽ പ്രോത്സാഹിപ്പിക്കുക.<br>4.വനിതകൾക്ക് തൊഴിൽ സാധ്യതയും വരുമാനവും ഉറപ്പ് വരുത്തുക. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് വനിതകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | സി) 2010-11 സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 5 വനിതാ ഗുണഭോക്താക്കൾ വീതമുള്ള 311 യൂണിറ്റുകൾക്കായി 3.5 കോടി രൂപ വിതരണം ചെയ്തു. ഒരു വനിതാ ഗുണഭോക്താവിന് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി 22,500/- രൂപ ധനസഹായം നൽകി.<br>2011-12 സാമ്പത്തിക വർഷത്തിൽ 5 വനിതാ ഗുണഭോക്താക്കൾ അടങ്ങിയ 80 യൂണിറ്റുകൾക്കായി ഒരുകോടി രൂപ അനുവദിച്ചു. ഒരു വനിതാ ഗുണഭോക്താവിന് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി 25,000/- രൂപ ധനസഹായം നൽകി. |
| ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഡി) 2010-11 സാമ്പത്തിക വർഷം ഈ പദ്ധതിയിലൂടെ 5 വനിതാ ഗുണഭോക്താക്കൾ വീതമുള്ള 311 യൂണിറ്റുകളിലായി 1555 വനിതാ ഗുണഭോക്താക്കൾക്ക് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി ഓരോ ഗുണഭോക്താവിനും 22,500/- രൂപ വീതം ധനസഹായം നൽകി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി.<br>2011-12 സാമ്പത്തിക വർഷത്തിൽ 5 വനിതാ ഗുണഭോക്താക്കൾ അടങ്ങിയ 80 യൂണിറ്റുകളിലായി 400 വനിതാ ഗുണഭോക്താക്കൾക്ക് 1 കറവ പശു, 2 ആടുകൾ എന്നിവ വാങ്ങുന്നതിനായി ഓരോ ഗുണഭോക്താവിനും 25,000/- രൂപ വീതം ധനസഹായം നൽകി. സംസ്ഥാനത്തെ 10 ജില്ലകളിലായി (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ഒഴികെ) പദ്ധതി നടപ്പിലാക്കി. പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ